**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **18-03-2022 - ൽ മറുപടിയ്ക്ക്**

**വയനാട്ടിലെ എം.ആർ.എസ്സുകളിലെ ആയമാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എത്ര എം.ആർ.എസ്സ് കളാണ് പ്രവർത്തിക്കുന്നത്; ഇതിൽ ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ഏതെല്ലാം; | (എ) | വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ അഞ്ച് എം.ആർ.എസ്സുകളാണ് പ്രവർത്തിക്കുന്നത്. ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾ പഠിക്കുന്ന രണ്ട് എം.ആർ.എസ്സുകൾ ഉണ്ട്. 1) രാജീവ് ഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നൂൽപ്പുഴ 2) ഗവ. ആശ്രമം സ്കൂൾ, തിരുനെല്ലി |
| (ബി) | ഒന്നാം ക്ലാസ്സ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്ര; ടി വിദ്യാലയങ്ങളിലെ ആയ തസ്തികയുടെ എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ഒരു ക്ലാസിലെ കുട്ടികളുടെ അനുവദനീയമായ എണ്ണം 35 ആണ്. ടി വിദ്യാലയങ്ങളിലെ "ആയ" തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു. രാജീവ് ഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നൂൽപ്പുഴ - 3 ഗവ. ആശ്രമം സ്കൂൾ തിരുനെല്ലി - 3 |
| (സി) | ഇത്തരം സ്കൂളുകളിലെ ആയമാരുടെ ഡ്യൂട്ടി സമയം എങ്ങനെയാണ് നിജപ്പെടുത്തിയിരിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവ് / നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ആയമാരുടെ ജോലി സമയം സംബന്ധിച്ച് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | ആയമാരുടെ ഡ്യൂട്ടി സമയം കൃത്യമായി നിർവ്വചിക്കാത്തതിനാൽ ആഴ്ചയിലൊരിക്കലുള്ള വീക്കിലി ഓഫ് ഒഴിച്ച് ബാക്കി എല്ലാ ദിവസവും ഇവർക്ക് എം.ആർ.എസ്സ് കളിൽ തന്നെ തുടരേണ്ടി വരുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇവരുടെ ഡ്യൂട്ടി സമയം കൃത്യമായി നിജപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ആയമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ